ശ്രീ. എ. വി. താമരാക്ഷൻ: അൺഎയ്ഡഡ് സ്കൂളുകളിലേയും പാരലൽ കോളേജിലെയും ജീവനക്കാരെക്കൂടി മിനിമം വേജസിന്റെ പരിധിയിൽ കൊണ്ടുവരാൻവേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: അവർ മിനിമം വേജസ് ആക്ടിന്റെ പരിധിക്കുള്ളിൽ വരുമോയെന്നുള്ള കാര്യം സംശയമാണ്. അത് പരിശോധിച്ച് നിയമപരിധിക്കുള്ളിൽ വരുമെന്നുണ്ടെങ്കിൽ വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ററി. കുമാരൻ: ശ്രീ. മൂസ്സക്കുട്ടിയുടെ ചോദ്യത്തിന് കർഷകത്തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കിനിശ്ചയിക്കാൻ സമയമായില്ലെന്നു പറഞ്ഞു. എന്നാണ് മിനിമം വേജസ് പുതുക്കി നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: ഡേറ്റ് ഇപ്പോൾ എന്റെ കൈവശമില്ല, നിശ്ചയമായിട്ടും 2 വർഷത്തിനുള്ളിലാണെന്നാണ് എന്റെ ഓർമ്മ.

ശ്രീമതി ഭാർഗ്ഗവിതങ്കപ്പൻ: കശുവണ്ടി മേഖലയിൽ മിനിമം വേജസ് കൊടുക്കുന്നുണ്ടോയെന്ന് അന്വേഷിക്കുന്നതിന് ഒരു സ്പെഷ്യൽ സ്കാഡിനെ നിയമിച്ചിട്ടുണ്ടെന്നു പറഞ്ഞു. സ്പെഷ്യൽ സ്കാഡിന്റെ പരിശോധനയിൽ മിനിമംകൂലി കൊടുത്തുവെന്ന് രേഖയുണ്ടാക്കുകയും വാസ്തവത്തിൽ കൊടുക്കാതിരിക്കുകയും ചെയ്യുന്നുണ്ട് എന്ന് മന്ത്രി പറഞ്ഞു. മിനിമം കൂലി നിഷേധിച്ചിട്ടുള്ള മുതലാളിമാരുടെ പേരിൽ നടപടിയെടുക്കാൻ യൂണിയൻകാർ താൽപ്പര്യമെടുക്കണമെന്ന് മന്ത്രി പറഞ്ഞു. അങ്ങനെ മുതലാളിമാർ മിനിമം കൂലി നിഷേധിച്ചിട്ടുണ്ടെന്നു സ്പെഷ്യൽ സ്കാഡിന്റെ പരിശോധനയിൽ തെളിഞ്ഞിട്ടുണ്ടെങ്കിൽ എത്ര മുതലാളിമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: എന്റെ ഓർമ്മ ശരിയാണെങ്കിൽ അമ്പതിനും അമ്പത്തിയാറിനും ഇടയ്ക്കുള്ള മുതലാളിമാരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നിവയ്ക്ക് കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക

*83 [85] ശ്രീ. പി. വിജയദാസ്:

,, എം. കെ. കേശവൻ:

ശ്രീമതി റേച്ചൽ സണ്ണി പനവേലി:

ശ്രീ. ജി. കാർത്തികേയൻ:

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ ഓരോ ഇനങ്ങൾക്കും കേന്ദ്രഗവൺമെന്റ് 1984-85, 1985-86 എന്നീ വർഷങ്ങളിൽ അനുവദിച്ച തുകയെത്ര വീതം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചു; ഓരോ ഇനത്തിലും ചെലവഴിച്ച സംഖ്യ എത്ര;

(സി) ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ഈ ഇനത്തിൽ ഏതെങ്കിലും തുക ലാപ്സായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഇ) അതിനുള്ള കാരണമെന്ത്;

(എഫ്) 1985-86-ൽ ആർ. എൽ. ഇ. ജി. പി. ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച സംഖ്യ, കേന്ദ്രഗവൺമെന്റ് ഈ പദ്ധതിക്കുവേണ്ടി 1985-86 സാമ്പത്തികവർഷത്തിൽ ചെലവഴിച്ച സംഖ്യയുടെ എത്ര ശതമാനം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ജി) ഈ പദ്ധതിപ്രകാരം നടപ്പാക്കുന്ന പരിപാടികൾ ഏറെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ആർ. എൽ. ഇ. ജി. പി. അനുസരിച്ച് ഈ സാമ്പത്തിക വർഷം എത്ര സംഖ്യ സംസ്ഥാനത്തിന് ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഗ്രാമവികസനവകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) 1984-85-ൽ കേന്ദ്രവിഹിതമായി എൻ. ആർ. ഇ. പി. ക്ക് 1060 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി. ക്ക് 1877 ലക്ഷം രൂപയും അനുവദിച്ചു. 1985-86-ൽ കേന്ദ്രവിഹിതമായി എൻ. ആർ. ഇ. പി. ക്കുവേണ്ടി 987.28 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി. ക്കുവേണ്ടി 2279.075ലക്ഷം രൂപയും അനുവദിച്ചു.

(ബി) 1984-85-ലും 1985-86-ലും കൂടി എൻ. ആർ. ഇ. പി. ക്കും. ആർ. എൽ. ഇ. ജി. പി. ക്കുമായി 8195.735 ലക്ഷം രൂപ ചെലവഴിച്ചു.

എൻ. ആർ. ഇ. പി. ക്കുവേണ്ടി 1984-85-ൽ 2578.130 ലക്ഷം രൂപയും 1985-86-ൽ 1808.528 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി.ക്കുവേണ്ടി 1984-85-ൽ 1712.470 ലക്ഷം രൂപയും 1985-86-ൽ 2096.607 ലക്ഷം രൂപയും ചെലവഴിച്ചു.

(സി) വ്യക്തമാക്കാം. (ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.) *

(ഡി) ലാപ്സായിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഈ വിവരം കേന്ദ്ര ഗവൺമെന്റിൽനിന്നും ശേഖരിക്കേണ്ടതാണ്. അതു ശേഖരിച്ചുവരുന്നു.

(ജി) വെളിപ്പെടുത്താം.

1. കർഷകത്തൊഴിലാളികളും ഹരിജനങ്ങളും കൂടുതലുള്ള സ്ഥലങ്ങളിൽ അവർക്ക് ജോലി കൊടുക്കാൻ ഉതകുന്നതും ഗ്രാമീണ ജീവിതം മെച്ചപ്പെടുത്താൻ സഹായിക്കുന്ന സ്ഥായിയായ ആസ്തികളും ഉണ്ടാക്കുന്നതുമായ ജോലികൾ ഈ പദ്ധതിയിൽ ഏറെടുക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ഗ്രാമീണ ഭൂരഹിത ഭവനത്തിലെ കുറഞ്ഞത് ഒരംഗത്തിനെങ്കിലും വർഷത്തിൽ 100 ദിവസമെങ്കിലും ജോലി കൊടുക്കത്തക്ക രീതിയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക. (ഇവയാണ് പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡം.)

(എച്ച്) ഈ സാമ്പത്തികവർഷം, 1864.06 ലക്ഷം രൂപ കേന്ദ്രത്തിൽനിന്നും ഈ പദ്ധതിക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. വിജയദാസ്: ഈ സാമ്പത്തികവർഷം ആർ. എൽ. ഇ. ജി. പി. ക്ക് കേന്ദ്രവിഹിതം ലഭിക്കാൻ കാലതാമസമുണ്ടായി. അത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: ആർ. എൽ. ഇ. ജി. പി. ക്ക് കേന്ദ്ര സഹായം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല.

ശ്രീ. പി. വിജയദാസ്. ആർ. എൽ. ഇ. ജി. പി. പദ്ധതിയിൽപ്പെടുത്തി പണി പൂർത്തിയാക്കിയ പല പദ്ധതികൾക്കും പണം കൊടുക്കാനുണ്ടെന്ന് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പെട്ടിട്ടുണ്ടെങ്കിൽ അത് കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: അങ്ങനെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഏതെങ്കിലും ചൂണ്ടിക്കാണിക്കുകയാണെങ്കിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്. ഡി. ആർ. ഡി. എ. യ്ക്കു വേണ്ട എല്ലാ ഫണ്ടും ഗവൺമെന്റ് റിലീസ് ചെയ്തിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ: ആർ. എൽ. ഇ. ജി. പി, എൻ. ആർ. ഇ. പി. പദ്ധതികൾക്കുവേണ്ടി കേന്ദ്രം അനുവദിച്ച പണത്തിൽനിന്നും 35 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ലാപ്സാക്കിക്കളഞ്ഞുവെന്ന് പാർലമെന്റിൽ മന്ത്രി സംസാരിച്ചതായി വാർത്തയുണ്ട്. ആ വാർത്ത ശരിയാണോ; അതിൽ എന്തെങ്കിലും വസ്തുതയുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: അത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. ആർ. എൽ. ഇ. ജി. പി. യിൽ 75 ശതമാനം സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചുകഴിഞ്ഞാൽ നമുക്കു അനുവദിച്ചിട്ടുള്ള തുക ലാപ്സാവുകയില്ല. ഒരു സാമ്പത്തികവർഷത്തിന്റെ മൊത്തമായ കണക്കെടുത്തതിനുശേഷം മാത്രമേ തുക ലാപ്സായിട്ടുണ്ടോ ഇല്ലയോ എന്നു പറയാൻ കഴിയൂ. ബഹുമാനപ്പെട്ട മന്ത്രി ഏതു സമയത്തെ കണക്കാണ് പറഞ്ഞതെന്ന് അറിയില്ല.

ശ്രീ. എം. കെ. കേശവൻ: ആർ. എൽ. ഇ. ജി. പി. —എൻ. ആർ. ഇ. പി. പദ്ധതികൾ നടപ്പിലാക്കുന്ന അവസരത്തിൽ നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകളായിരിക്കുകയും അതിനുശേഷം മുനിസിപ്പാലിറ്റിയാക്കി മാറ്റുകയും ചെയ്ത പ്രദേശങ്ങളിൽ ഈ പ്രവർത്തനത്തിന്റെ പ്രയോജനം ലഭിക്കുന്നില്ല. കേരളംപോലുള്ള, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സംസ്ഥാനത്ത് ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. പദ്ധതികൾ പ്രകാരമുള്ള റോഡുകൾ നിർമ്മിക്കുമ്പോൾ എട്ട് മീറ്റർ വേണമെന്ന് നിർബന്ധം പിടിക്കുന്നതുമൂലം പല സ്ഥലങ്ങളിലും ജനങ്ങൾക്ക് സഞ്ചരിക്കാനുള്ള റോഡുകൾ ഉണ്ടാകുന്നില്ല. അതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിന് ഒരു പ്രത്യേക പരിഗണന കാണിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രമേശ് ചെന്നിത്തല: ഇപ്പോഴത്തെ പദ്ധതി പഞ്ചായത്തു തലത്തിലാണ് നടപ്പിലാക്കുന്നത്. മുനിസിപ്പാലിറ്റിക്ക് റൂറൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റു മുഖേന ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ എട്ടു മീറ്റർ വീതിവേണമെന്നുള്ളത് കേന്ദ്രഗവൺമെന്റു നിർദ്ദേശമാണ്. ഹരിജൻ കോളനികളിൽക്കൂടി പോകുന്ന റോഡുകൾക്കുമാത്രമാണ് ആറ് മീറ്റർ റിലാക്സേഷൻ ഇപ്പോഴത്തെ നിലവിലുള്ളത്. കേന്ദ്രഗവൺമെന്റിന്റെ കർശനമായ നിർദ്ദേശമുള്ളതിനാൽ തൽക്കാലം അത് മാറ്റുന്നത് ബുദ്ധിമുട്ടാണ്.

ശ്രീ. എം. കെ. കേശവൻ: മുനിസിപ്പാലിറ്റിയായി മാറുന്നതിനു മുമ്പ് പഞ്ചായത്തുകൾ തുടങ്ങിവച്ച പണികൾ പൂർത്തിയാക്കാൻ സഹായകരമായ നിലപാട് ഇനിയെങ്കിലും സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ ഇവിടെ സൂചിപ്പിച്ച ഈ പദ്ധതി പൂർണ്ണമായും ഗ്രാമതലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്. മുനിസിപ്പാലിറ്റികളായി രൂപാന്തരപ്പെട്ടുകഴിഞ്ഞാൽ ആ പണി ഈ ഡിപ്പാർട്ടുമെന്റു മുഖേന നടപ്പിലാക്കാൻ നിയമപരമായ ബുദ്ധിമുട്ട് നിലവിലുണ്ട്.

ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി: ആർ. എൽ. ഇ. ജി. പി. എൻ.ആർ.ഇ.പി. പദ്ധതികൾ പ്രകാരം ഹരിജനങ്ങൾക്ക് 1985-86-ൽ എത്ര വീടുകൾ നിർമ്മിച്ചു എന്ന് വ്യക്തമാക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: ആർ.എൽ.ഇ.ജി.പി. പ്രകാരം 1984-85-ൽ ടാർജറ്റ് ഉണ്ടായിരുന്നത് എണ്ണായിരം വീടുകൾക്കാണ്. ഏകദേശം ആറായിരം വീടുകൾ നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള വീടുകളുടെ പണി പല സ്റ്റേജുകളിലായി കിടക്കുകയാണ്. ഒക്ടോബർ 31-ാം തീയതിയ്ക്കുമുമ്പ് ഈ വീടുകളുടെ എല്ലാ പണിയും പൂർത്തിയാക്കണമെന്ന നിർദ്ദേശം ഡിപ്പാർട്ടുമെന്റു ഭാഗത്തുനിന്നും കൊടുത്തിട്ടുണ്ട്. 1985-86-ൽ 10,690 വീടുകൾ നിർമ്മിക്കാനുള്ള ടാർജറ്റ് ആണ് ഗവൺമെന്റ് ഭാഗത്തുനിന്നുള്ളത്. ഇതിൽ പത്തു ശതമാനം മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ബാക്കി യെല്ലാം പല സ്റ്റേജുകളിലാണ്. ഇതിനു കാരണം ഈ കഴിഞ്ഞ വെള്ളപ്പൊക്കത്തിന്റെ സമയത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻവേണ്ടി ഗവൺമെന്റ് റൂറൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്ന എല്ലാ സ്റ്റാഫിനേയും അങ്ങോട്ട് ഡൈവർട്ട് ചെയ്തതു മൂലമാണ്. 1986-87-ൽ ഒരു പ്രോജക്റ്റിൽ 6,460 വീടുകൾക്ക് ഇപ്പോൾ പുതിയതായി സാങ്ഷൻ കിട്ടിയിട്ടുണ്ട്. രണ്ടാമതായി 4,313 വീടുകൾകൂടി സാങ്ഷൻ ചെയ്യാനുള്ള തീരുമാനവും ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഇത് ആർ. എൽ. ഇ. ജി. പി. യുടെ കണക്ക്. ഇനി എൻ.ആർ.ഇ.പി. യിൽ ആറാം പഞ്ചവൽസര പദ്ധതികാലത്ത് 3317 വീടുകളാണ് നിർമ്മിച്ചിട്ടുള്ളത്. ഏഴാം പദ്ധതിയിൽ 1985-86-ൽ ഏകദേശം പതിനായിരം വീടുകൾ നിർമ്മിക്കണമെന്ന ടാർജറ്റായിരുന്നു നമ്മുടെ മുമ്പിലുണ്ടായിരുന്നത്. 2,800 വീടുകൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള വീടുകൾ പല സ്റ്റേജുകളിലാണ്. ഇതും ഒക്ടോബർ 31-നു മുമ്പ് പൂർത്തീകരിക്കണമെന്ന നിർദ്ദേശം ഡിപ്പാർട്ടുമെന്റു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റെയ്ച്ചൽ സണ്ണി പൗവേലി: വളരെയേറെ പിന്നോക്കം നിൽക്കുന്ന റാന്നിപോലുള്ള മലയോര പ്രദേശങ്ങളിൽ കൂടുതൽ പണം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: കേന്ദ്രഗവൺമെന്റിൽനിന്നുള്ള നിർദ്ദേശം അനുസരിച്ചാണ് ഓരോ ബ്ലോക്കുകൾക്കുമുള്ള പണം അലോട്ട് ചെയ്യുന്നത്. നടപ്പു സാമ്പത്തിക വർഷത്തിലും ഇതിനുള്ള അലോട്ടുമെന്റ് ഓരോരോ ജില്ലകൾക്കാണ്. വികസനപ്രവർത്തനങ്ങൾ ബ്ലോക്കു തലത്തിലേക്ക് വ്യാപിപ്പിക്കണമെന്നുള്ളതുകൊണ്ട്, കേരളത്തിലുള്ള 151 ബ്ലോക്കുകൾക്കും കേന്ദ്രത്തിന്റെ നിർദ്ദേശപ്രകാരമാണ് പണം അനുവദിക്കുന്നത്. പ്രത്യേകമായി ഒരു ബ്ലോക്കിന് കൂടുതലോ കുറച്ചോ കൊടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. ജി. കാർത്തികേയൻ: ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. പദ്ധതികൾ പ്രകാരം നിർമ്മിച്ചുകൊണ്ടിരിക്കുന്ന വീടുകളുടെ നിർമ്മാണത്തിന് ഏകീകൃതമായ ഒരു നിയമം നിലവിലുണ്ടോ? ചില സ്ഥലത്തു ഇഷ്ടിക നിർബന്ധമായി വേണം. ചില സ്ഥലത്തു മണ്ണുകൊണ്ടുള്ള കട്ട മതി. ഇതിനു ലഭിക്കുന്ന പണംകൊണ്ട് വീടുകൾ പൂർത്തിയാക്കാൻ പലപ്പോഴും സാധിക്കുന്നില്ല. വീടുകൾ പൂർത്തിയാക്കുന്നതിന് ഉപയോഗിക്കുന്നത് ഇഷ്ടികയാണോ മണ്ണുകൊണ്ടുള്ള കട്ടയാണോ എന്നതിനെ സംബന്ധിച്ചൊക്കെയുള്ള ഡിപ്പാർട്ടുമെന്റിന്റെ നയം എന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: വീടുകൾ നിർമ്മിക്കുന്ന കാര്യത്തിൽ ചില സ്പെസിഫിക്കേഷൻസ് കൊടുത്തിട്ടുണ്ട്. അതിൽ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ തീർച്ചയായും പരിശോധിക്കുന്നതാണ്. ഗവൺമെന്റ് അനുഭവിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പു മന്ത്രി അടുത്തകാലത്തു കേന്ദ്ര മന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ പുതുതായി എന്തെങ്കിലും പദ്ധതികൾക്കുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഈ ഗവൺമെന്റ് സമർപ്പിച്ചിട്ടുണ്ടോ? സമർപ്പിച്ചിട്ടുണ്ടെങ്കിൽ എന്ത് മറുപടിയാണ് ലഭ്യമായത്?

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട കേന്ദ്ര റൂറൽ ഡെവലപ്പുമെന്റു മന്ത്രി ശ്രീ. ജി. എസ്. ധില്ലനുമായും അതിന്റെ സ്റ്റേറ്റ് മിനിസ്റ്റർ ശ്രീ. രാമാനന്ദയാദവുമായും ഞാൻ ഇതിനെപ്പറ്റി സംസാരിക്കുകയുണ്ടായി. കേരളത്തിലെ ആർ.എൽ.ഇ.ജി.പി. പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹരിജനങ്ങൾക്ക് വീട് വച്ചു കൊടുക്കുന്ന പദ്ധതിയിൽ അവർ വളരെ താൽപ്പര്യം പ്രകടിപ്പിക്കുകയും ഈ സംസ്ഥാനം ആവിഷ്കരിച്ച വേന നിർമ്മാണ പദ്ധതി മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കി അവരത് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്നും പറയുകയുണ്ടായി. ആർ.എൽ.ഇ.ജി.പി.യിൽ പുതിയ പദ്ധതികൾ തയ്യാറാക്കികൊണ്ടു ചെന്നാൽ തീർച്ചയായും ആ കാര്യങ്ങൾ പരിഗണിക്കാമെന്ന് അവർ ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: മന്ത്രി മറുപടി പറഞ്ഞതിൽ എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതി പ്രകാരം പണം അനുവദിക്കുന്നത് ഹരിജനങ്ങളുടെയും കർഷകതൊഴിലാളികളുടെയും ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടാണെന്ന് ഇവിടെ പറഞ്ഞു. 1981-ലെ

LIBRARY ARCHIVES Kerala Legislative Assembly

സെൻസസ് പ്രകാരം ആലപ്പുഴ ജില്ലയിൽ ഏറ്റവും കൂടുതൽ ഹരിജനങ്ങളാണ് താമസിക്കുന്നത് പട്ടണക്കാട് ബ്ലോക്കിലാണ്. ഈ ബ്ലോക്കിൽ ഇക്കൊല്ലത്തെ എൻ.ആർ.ഇ.പി. ആക്ഷൻ പ്ലാനിൽ വെറും 9 ലക്ഷം രൂപ മാത്രം കൊടുക്കുകയും അതേസമയം മറ്റു ബ്ലോക്കുകളിൽ കൂടുതൽ പണം കൊള്ളിക്കുകയും ചെയ്തിട്ടുള്ളതിന് എന്താണ് മാനദണ്ഡം?

ശ്രീ. രമേശ് ചെന്നിത്തല: ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. പദ്ധതികൾക്ക് തുക അനുവദിക്കുന്നത് കർഷക തൊഴിലാളികളുടെ എണ്ണവും അതോടൊപ്പം മാർജിനൽ ഫാർമേഴ്സിന്റെ എണ്ണവും ഇൻസിഡൻസ് ഓഫ് പോവർട്ടിയും കണക്കാക്കിയാണ്. നമ്മുടെ സംസ്ഥാനത്ത് അല്ലെങ്കിൽ ഇൻഡ്യയിൽ ഒരിടത്തും ഇൻസിഡൻസ് ഓഫ് പോവർട്ടി എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടില്ലാത്തതിനാൽ പട്ടിക ജാതി-പട്ടികവർഗക്കാരുടെ കണക്കെടുത്തുകൊണ്ടാണ് ഇതിന്റെ തുക നിർണ്ണയിക്കുന്നത്. അവരുടെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് ഈ തുക അനുവദിക്കപ്പെട്ടിട്ടുള്ളത്. പട്ടണക്കാട് ബ്ലോക്കിലെ കാര്യം തീർച്ചയായും പരിശോധിക്കുന്നതും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ശ്രീ. കെ.സി. ജോസഫ്: എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് ധാരാളം റോഡുകളുടെ പണി പൂർത്തിയായിട്ടുണ്ട്. ഈ റോഡുകളുടെ മെയിന്റനൻസിന് ഇപ്പോൾ യാതൊരു സംവിധാനവും ഇല്ല. എംപ്ലോയ്മെന്റ് ഗാരന്റി സ്കീമിൽപ്പെടുത്തി ഇപ്രകാരം നിർമ്മിച്ച റോഡുകൾക്ക് മെയിന്റനൻസിനുള്ള സംവിധാനത്തെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ? അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: ഇത് യഥാർത്ഥത്തിൽ ഒരു പ്രശ്നം തന്നെയാണ്. കേന്ദ്രത്തിന്റെ നിർദ്ദേശപ്രകാരം നാട്ടുകാരുടെ കമ്മറ്റി എടുത്തിട്ടാണല്ലോ ഇത് നടത്തുന്നത്. അതുകൊണ്ട് അവർതന്നെ ഇത് സംരക്ഷിക്കുകയെന്നുള്ളതാണ്. അതാണ് ഇപ്പോൾ നിലവിലുള്ള സംവിധാനം.

ശ്രീ. കെ. ഇ. ഇസ്മയിൽ: നമ്മുടെ സംസ്ഥാനത്തിലെ മുഴുവൻ ബ്ലോക്കുകളിലേക്കും ഈ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ കേന്ദ്രഗവൺമെന്റ് നേരിട്ടാണ് പണം അനുവദിക്കുന്നത് എന്നാണ് മന്ത്രി പറഞ്ഞത്. കർഷകതൊഴിലാളികളും മാർജിനൽ കൃഷിക്കാരും, ഹരിജനങ്ങളും കൂടുതലുള്ള പ്രദേശങ്ങളിൽ ഇതിന്റെ പ്രവർത്തനം നിശ്ചയിക്കുന്നത് അവിടത്തെ ജനസംഖ്യക്ക് ആനുപാതികമായിട്ടാണ് എന്നു പറഞ്ഞു. പാലക്കാട്ടുജില്ലയിൽ ഹരിജനങ്ങളും കൂടുതലുള്ള പ്രദേശങ്ങളിൽ കഴിഞ്ഞ വർഷം എൻ.ആർ.ഇ.പി.യിലും ആർ.എൽ.ഇ.ജി.പി.യിലും ഒരു പ്രവർത്തനവും ഏറ്റെടുത്തിട്ടില്ല. ഡി.ആർ.ഡി.എ. ഗവേണിംഗ് ബോഡി അംഗീകരിച്ച പ്രവർത്തനങ്ങൾ നിലവിലിരിക്കേ സ്പെഷ്യൽ ഓർഡർപ്രകാരം ചില പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നു. ഈ വിരോധാഭാസം എങ്ങനെയുണ്ടാകുന്നു? ഈ പ്രവർത്തനങ്ങൾ ഇനി തുടരാതിരിക്കുന്നതിനും, അർഹമായ രീതിയിൽ പ്രാതിനിധ്യം കൊടുത്തുകൊണ്ട് കിട്ടുന്ന പണം ഫലപ്രദമായി ചെലവഴിക്കുന്നതിനും പുതിയ മന്ത്രിയെങ്കിലും ശ്രദ്ധിക്കുമോയെന്നതാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രമേശ് ചെന്നിത്തല: ഓരോ ബ്ലോക്കിനുമുള്ള അലോട്ടുമെൻറ് കേന്ദ്ര നിർദ്ദേശപ്രകാരമാണെന്ന് നേരത്തെ സൂചിപ്പിച്ചു. അത് മാറാനോ മാറ്റം വരുത്താനോ നമ്മുക്ക് സാദ്ധ്യമല്ല. ഓരോ ബ്ലോക്കിനും അനുവദിക്കുന്ന മാനദണ്ഡം എന്നു പറയുന്നത് അഗ്രിക്കൾച്ചറൽ ലേബറേഴ്സ് പ്ലസ് മാർജിനൽ ഫാർമേഴ്സ് പ്ലസ് ഇൻസിഡൻസ് ഓഫ് പോവർട്ടിയാണ്. ഇൻസിഡൻസ് ഓഫ് പോവർട്ടി നമ്മുടെ കയ്യിലില്ലാത്തതിനാൽ പട്ടികജാതി പട്ടികവർഗക്കാരുടെ കണക്കനുസരിച്ച് എടുക്കുന്നു. ഇത് തന്നെയാണ് എല്ലാ ബ്ലോക്കിലും നമ്മൾ എടുക്കുന്ന കണക്ക്. പാലക്കാട് ബ്ലോക്കിൽ ചില സ്ഥലത്തു വർക്ക് നടന്നിട്ടില്ലെന്ന് പറഞ്ഞു. മുൻവർഷത്തെ സ്പിൽഓവർ വർക്കുണ്ടെങ്കിൽ അതുകൂടി അഡ്ജസ്റ്റ് ചെയ്തായിരിക്കും വർക്ക് നടക്കുന്നത്. ഈ കാര്യം ഗവൺമെൻറ് പ്രത്യേകം പരിശോധിക്കുന്നതാണ്. ഒരു തരത്തിലുള്ള സ്പെഷ്യൽ ഓർഡർ കൊടുക്കാനും ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. എം.എൽ.എ. മാരും എം.പി. മാരും അടങ്ങുന്ന ഡി.ആർ.ഡി.എ. ആണ് ഏതൊക്കെ വർക്കുകൾ നടപ്പാക്കണം എന്ന് തീരുമാനിക്കുന്നത്. അവരുടെ നിർദ്ദേശങ്ങൾക്ക് യാതൊരു മാറ്റവും വരുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. വി. വി ജോസഫ്: സർ, എൻ.ആർ.ഇ.പി. ക്ക് ബ്ലോക്കുകളിൽ അനുവദിക്കുന്ന ചെറിയ തുക, നമ്മുടെ എം.എൽ.എ. മാർ ചെല്ലുന്ന അവസരത്തിൽ, അതിൽ സിംഹഭാഗവും വീടുകൾക്കും സോഷ്യൽ ഫോറസ്ട്രിക്കും മാറി വച്ചതായി കാണുന്നു. നമ്മുടെ ഗവൺമെൻറിൻെറ മറ്റു പദ്ധതികൾ പ്രകാരം ധാരാളം വീടുകൾ പണിയുന്നുണ്ട്. സോഷ്യൽ ഫോറസ്ട്രി പ്രകാരം ധാരാളം വനവൽക്കരണവും നടക്കുന്നുണ്ട്. പണത്തിൻെറ കുറവുകൊണ്ട് പി.ഡബ്ല്യു.ഡി. റോഡുകൾ വളരെ കുറവാണ്. അതുകൊണ്ട് വീടുകൾക്കും സോഷ്യൽ ഫോറസ്ട്രിക്കുമായി ഇങ്ങനെ സിംഹഭാഗവും മാറിവയ്ക്കാതെ റോഡുകൾക്ക് മുൻഗണന നൽകുവാൻ, വേണ്ടിവന്നാൽ കേന്ദ്രഗവൺമെൻറിന് നിവേദനം നടത്തി എൻ.ആർ.ഇ.പി. റോഡുകൾക്ക് മുൻഗണന നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇപ്പോൾ കേന്ദ്ര ഗവൺമെൻറ് വളരെ കർശനമായി 50 ശതമാനം വെയിറേജ് മാത്രമേ റോഡുകൾക്കു കൊടുക്കാവുയെന്ന് നിർബന്ധമായും പറഞ്ഞിട്ടുണ്ട്. കാരണം ഇത് ദരിദ്ര വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സഹായത്തിനുവേണ്ടിയുള്ള ഒരു പദ്ധതിയായതുകൊണ്ട് എക്സ്ക്ലൂസീവായിട്ട് അവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾക്ക് മുൻഗണന കൊടുക്കണമെന്ന നിബന്ധന കേന്ദ്ര ഗവൺമെൻറ് വച്ചിട്ടുണ്ട്. ഇവിടെ സോഷ്യൽ ഫോറസ്ട്രിയുടെ കാര്യം പറഞ്ഞ് എൽ.ആർ.ഇ.പി.യിലും, ആർ.എൽ.ഇ.ജി.പി.യിലും സോഷ്യൽ ഫോറസ്ട്രിക്ക് ഒരു സ്കീമുണ്ട്. ആറാം പദ്ധതിയിൽ 629 ലക്ഷം രൂപ എൻ.ആർ.ഇ.പി. സോഷ്യൽ ഫോറസ്ട്രിക്ക് ചെലവഴിച്ചിട്ടുണ്ട്. പതിനേഴുകോടി തൈകൾ വിതരണം ചെയ്തിട്ടുണ്ട്. അതുപോലെ ഏഴാം പദ്ധതിക്കാലത്തെ ഒന്നും രണ്ടും വർഷങ്ങളിലും ഈ പദ്ധതികൾ ഏറെടുത്ത് നടപ്പാക്കുന്നുണ്ട്. അതിന് വലിയ തുക ചെലവാക്കുന്നു എന്നുപായുന്നത് ശരിയല്ല.

ശ്രീ. വി. കേശവൻ: സർ, ഇതിൽ 'ജി' ക്ക് ഉത്തരം കൊടുത്തപ്പോൾ പദ്ധതി ഏറെടുത്ത് നടത്തുന്നതിനുള്ള മാനദണ്ഡങ്ങളെക്കുറിച്ച് പറഞ്ഞു. എൻ.ആർ.ഇ.പി. സ്കീമിൽപ്പെടുന്ന വർക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായി ഇന്നയിന്ന കാര്യങ്ങൾക്കു മാത്രമേ ചെയ്യാവുയെന്ന് പറഞ്ഞു കൊണ്ട് കേന്ദ്ര ഗവൺമെന്റ്. ഗൈഡ്ലൈനിൽ നിർദ്ദേശം വച്ചു. ആ നിർദ്ദേശത്തിനു വിരുദ്ധമായി ചില ഉദ്യോഗസ്ഥൻമാരും കോൺട്രാക്ടർമാരും ചേർന്നുകൊണ്ട് ചില വർക്കുകൾ ഏറ്റെടുക്കുകയും അതിനകത്ത് അഴിമതി നടത്തുകയും ചെയ്തിട്ടുള്ള ചില പ്രശ്നങ്ങൾ എന്റെ നിയോജകമണ്ഡലത്തിൽതന്നെ നടന്നിട്ടുണ്ട്. അത്തരം നിയമ വിരുദ്ധമായ കാര്യങ്ങൾ നടക്കുന്നുവെന്ന് വിവരം കിട്ടിയാൽ അത് പരിശോധിക്കാമോ? അതിന് ന്യായമായ പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: എൻ.ആർ.ഇ.പി.യിൽ കേന്ദ്രഗവൺമെന്റു തന്നെ ഇന്നയിന്ന ജോലികൾ മാത്രമേ ഏറ്റെടുക്കാവുയെന്ന് നിർബന്ധമായി പറഞ്ഞിട്ടുണ്ട്. അതല്ലാത്ത ജോലികൾ ഏറ്റെടുത്തു നടത്തുന്നുവെങ്കിൽ തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ എഴുതിതന്നാൽ അതിനെപ്പറ്റി അന്വേഷിക്കുന്നതാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി, കർഷകത്തൊഴിലാളികളും മാർജിനൽ ഫാർമേഴ്സും കൂടുതലുള്ള സ്ഥലങ്ങളിലാണ് എൻ.ആർ.ഇ.പി. യുടെ അലോട്ട്മെന്റ് വീതിച്ചുകൊടുത്തിട്ടുള്ളതെന്ന്. അങ്ങനെയാണെങ്കിൽ നമ്മുടെ പല ബ്ലോക്കുകളിലും വിഭജിക്കപ്പെട്ട സംഖ്യയിൽ വ്യത്യാസം വരാൻ പാടില്ലാത്തതാണ്. അതിൽ വ്യത്യാസം വന്നിരിക്കുന്നുയെന്ന നിർദ്ദേശത്തെപ്പറ്റി അന്വേഷിച്ച് തീരുമാനമെടുക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: തീർച്ചയായും ഗവൺമെന്റ് അന്വേഷിക്കുന്നതാണ്.

ശ്രീ. കെ കൃഷ്ണൻകുട്ടി: സർ, എൻ.ആർ ഇ.പി., ആർ.എൽ.ഇ.ജി.പി. എന്നീ സ്കീമുകളനുസരിച്ച് 1984-85, 1985-86 വർഷങ്ങളിൽ എത്ര തൊഴിലവസരങ്ങൾ ഉണ്ടാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്? അതിൽ എത്രത്തോളം പൂർത്തിയായി? തുക ലാപ്സായില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. യഥാർത്ഥത്തിൽ തുക ചെലവാകാതെ തന്നെ ഡി.ആർ.ഡി.എ. യുടെ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചതുകൊണ്ടല്ലേ ഈ തുക ചെലവായിയെന്നുള്ള കണക്ക് വരുന്നത്. അങ്ങനെയാണെങ്കിൽ ആ തുക എത്ര ചെലവാകാതെ ഡി.ആർ.ഡി.എ. പ്രത്യേക ഫണ്ടിൽ നിക്ഷേപിച്ചു?

ശ്രീ. രമേശ് ചെന്നിത്തല: സർ, ആറാം പദ്ധതിക്കാലത്ത് എൻ.ആർ.ഇ.പി.ക്കുവേണ്ടി മാൻഡേയ്സ് ടാർജറ്റ് നമുക്കുണ്ടായിരുന്നത് 451 ലക്ഷം ആയിരുന്നു. ഇതിൽ 525.37 ലക്ഷം മാൻഡേയ്സ് നമുക്ക് അച്ചീവ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്, ഈ തുക ഡി.ആർ.ഡി.എ. യിലേക്ക് ട്രാൻസ്ഫർ ചെയ്തതുകൊണ്ടാണ് ലാപ്സാകാതെ പോയതെന്നല്ലേ? 80 ശതമാനത്തോളം തുക നമുക്ക് ഈ പദ്ധതി നടപ്പാക്കിയ വർഷംതന്നെ ചെലവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ.വി.സുരേന്ദ്രൻപിള്ള: നമ്മുടെ സംസ്ഥാനത്ത് എൻ.ആർ.ഇ.പി. യിലും ആർ.എൽ.ഇ.ജി.പി.യിലും ആയി റോഡ് പണികൾ നടത്തുമ്പോൾ ഒരു ജില്ലയിൽ ഒരു റോളർ മാത്രമായിട്ടാണ് പല ജില്ലയിലും

LIBRARY ARCHIVES Kerala Legislative Assembly

കണ്ടിട്ടുള്ളത്. കൊല്ലം ജില്ലയിൽ മുഴുവനുള്ള റോഡുകൾ പണി ചെയ്യുന്നതിന് ഡി.ആർ.ഡി.എ. യുടെ നേതൃത്വത്തിൽ ഒരു റോളർ മാത്രമാണുള്ളത്. അതുപോലെ കൃത്യസമയത്ത് ടാർ ലഭിക്കുന്നില്ല. എൻ.ആർ.ഇ.പി. വർക്കുകൾക്കുവേണ്ടി കമ്പിയും സിമൻറും കിട്ടുന്നില്ല. അതുകൊണ്ട് 1984–85 സാമ്പത്തിക വർഷത്തിൽ എൻ.ആർ.ഇ.പി.യിലും ആർ.എൽ.ഇ.ജി.പി. യിലുമായി ഏറെടുത്തിട്ടുള്ള റോഡുപണികൾ ഇതുവരെയും പൂർത്തിയാക്കാൻ പറ്റാത്ത സ്ഥിതിവിശേഷം മറ്റു സ്ഥലങ്ങളിലുള്ളതുപോലെ കൊല്ലം ജില്ലയിലുമുണ്ട്. അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ സ്ഥിതി വിശേഷം മാറുവാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: എല്ലാ സ്പിൽ ഓവർ വർക്കുകളും ഒക്ടോബർ 31-ാം തീയതിക്കുമുമ്പ് കർശനമായും പൂർത്തിയാക്കണമെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൊല്ലം ജില്ലയുടെ പ്രത്യേക സാഹചര്യം തീർച്ചയായും ഗവൺമെൻറ് പരിശോധിക്കുകയും വർക്കുകൾ എത്രയും പെട്ടെന്ന് തീർക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാം.

ശ്രീ. വി. ജെ: തങ്കപ്പൻ: ഡി.ആർ.ഡി.എ. ഗവേണിംഗ് ബോഡിയാണ് ഒരു ജില്ലയിലെ എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ ഗവേണിംഗ് ബോഡിയിൽ എം.എൽ.എ. മാരും എം.പി. മാരും ഉണ്ടെന്നും പറഞ്ഞു: ഇവരെ പോയിട്ട് മൂന്നു നാല് ആളുകളെകൂടി ഈ ഗവേണിംഗ് ബോഡിയിൽ മെമ്പർമാരായി ഗവൺമെൻറ് നോമിനേറ് ചെയ്തിട്ടുണ്ട്. അവരെല്ലാവരും കോൺഗ്രസ് (ഐ) യിലുള്ളവരാണ്. മാർക്സിസ്റ്റു പാർട്ടിയിലും പ്രതിപക്ഷത്തുമുള്ള മറ്റാരും തന്നെ ഗവേണിംഗ് ബോഡിയിലില്ല. അതിൽ ഭരണകക്ഷിയിലെ പ്രത്യേകിച്ച് കോൺഗ്രസ് (ഐ) പാർട്ടിയിലെ ആളുകൾ മാത്രം ഗവേണിംഗ് ബോഡിയിൽ മതി എന്നുള്ളത് ഗവൺമെൻറിൻെറ പൊതുനയമാണോ?

ശ്രീ. രമേശ് ചെന്നിത്തല: രാഷ്ട്രീയ പരിഗണനവച്ചല്ല ഇതിലേക്കുള്ള നോമിനേഷൻ നടക്കുന്നത്. ഒരു ഹരിജൻ, ഒരു വനിത, ഒരു സാമൂഹ്യ പ്രവർത്തകൻ എന്നുള്ള നിലയിലാണ് നോമിനേറ് ചെയ്തിട്ടുള്ളത്.

ശ്രീ. പി. പി. തങ്കച്ചൻ: മുനിസിപ്പൽ അതിർത്തിയിൽപ്പെടുന്ന പട്ടണപ്രദേശങ്ങളെ ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി., ഐ.ആർ.ഡി.പി. മുതലായ പദ്ധതികളുടെ പ്രയോജനത്തിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. എന്നാൽ മുനിസിപ്പൽ പട്ടണങ്ങളിൽ ധാരാളം പാവപ്പെട്ട ആളുകൾ ഇതിന് അർഹരായിട്ടുള്ളവരുണ്ട്. അത് കണക്കിലെടുത്തുകൊണ്ട് അങ്ങയുടെ സ്വാധീനം ഉപയോഗിച്ചുകൊണ്ട് പട്ടണപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്കുകൂടി ഈ പദ്ധതികളുടെ പ്രയോജനം കിട്ടാൻ വേണ്ട നടപടികൾ എടുക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം, മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനുകളിലും താമസിക്കുന്ന പാവപ്പെട്ട ആളുകളിൽ ഈ പദ്ധതികളുടെ പ്രയോജനം ലഭിക്കാൻ അർഹരായിട്ടുള്ളവരെപ്പറ്റിയാണ്. ഇതിന് അർഹരായിട്ടുള്ളവരെപ്പറ്റി കേന്ദ്ര ഗവൺമെൻറ് പരിഗണിച്ചുവരുന്നതിനെക്കുറിച്ച് ഈയിടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിയുടെ ഒരു പ്രസ്താവനതന്നെ പത്രങ്ങളിൽ വരികയുണ്ടായി. അത് അർബൻ ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റാണ് കൈകാര്യം ചെയ്യേണ്ടത്.

ശ്രീ. സി. ടി. കൃഷ്ണൻ: എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതികൾക്കുവേണ്ടി കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക 50—50 ശതമാനം വീതം സംസ്ഥാന ഗവൺമെന്റ് ചെലവഴിക്കണമെന്നാണ്. അങ്ങനെയുള്ള ചെലവിനെ സംബന്ധിച്ച് പാർലമെന്റിൽ ചോദിച്ചപ്പോൾ കേരളത്തിന് ആകെ അനുവദിച്ച 35 കോടി രൂപ ചെലവാക്കിയിട്ടില്ലെന്ന് ഉത്തരം പറഞ്ഞു. ഈ വാർത്ത കേരളത്തിലെ മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി മുതലായ പ്രമുഖ പത്രങ്ങളിൽ മുൻപേജിൽ തന്നെ പ്രസിദ്ധീകരിച്ചതാണ്. ഇതിനെതിരായി ബ്ലോക്ക് ആഫീസുകളിൽ കർഷകത്തൊഴിലാളികൾ സമരം നടത്തി. അതുകൊണ്ട് കേന്ദ്രത്തിൽ മന്ത്രി പറഞ്ഞതാണോ പത്രങ്ങളിൽ വന്നതാണോ ശരി, ഏതാണ് ശരി?

ശ്രീ. രമേശ് ചെന്നിത്തല: സർ, എൻ.ആർ.ഇ.പി.യിലാണെങ്കിൽ 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. ആർ.എൽ.ഇ.ജി.പി. യിലാണെങ്കിൽ 100 ശതമാനവും കേന്ദ്ര ഗവൺമെന്റാണ് നൽകുന്നത്. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ബൂട്ടാസിംഗ് പാർലമെന്റിൽ പറഞ്ഞത് ശരിയാണ്. ഡിസംബർ 31-ാം തീയതിവരെ ചെലവഴിച്ച തുകയുടെ കണക്കാണ് അദ്ദേഹം പാർലമെന്റിൽ പറഞ്ഞത്. അതിനുശേഷമുള്ള കണക്കല്ല ചോദിച്ചത്. അതുകൊണ്ട് ഇവിടെ 75 ശതമാനത്തിൽ കൂടുതൽ പണികൾ നമ്മൾ ചെയ്തു തീർത്തിട്ടുണ്ട്. തുക ലാപ്സായിട്ടില്ല.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ജനപ്രതിനിധികൾ അടങ്ങുന്ന ഡി. ആർ. ഡി. എ. ഒരു ബ്ലോക്കിൽ ഏറെടുക്കേണ്ട വർക്കുകളെ സംബന്ധിച്ച് റിപ്പോർട്ട് അയച്ചാൽ ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് സർക്കാർ അതിൽ ഏകപക്ഷീയമായി ചില വർക്കുകൾ ഉപേക്ഷിക്കുന്ന ഒരു സമ്പ്രദായം ഉണ്ട്. ഒരു ബ്ലോക്കതിർത്തിയിൽതന്നെ രണ്ടോ മൂന്നോ നിയോജകമണ്ഡലങ്ങൾ ഉണ്ടാകും. ഈ മൂന്നു നിയോജക മണ്ഡലങ്ങളിലേയും ജനപ്രതിനിധികൾ ഇരുന്ന് ഡി. ആർ. ഡി. എ. അംഗീകരിച്ച് പല പദ്ധതികളും അയക്കുകയും ഫണ്ടിന്റെ അപര്യാപ്തത മൂലം ഏകപക്ഷീയമായി ഉദ്യോഗസ്ഥൻമാർ ചില വർക്കുകൾ കട്ടുചെയ്യുകയും ചെയ്യുന്നതുമൂലം ഒരു വർക്കുമില്ലാത്ത ചില നിയോജക മണ്ഡലങ്ങളുമുണ്ട് എന്നുള്ള സ്ഥിതി ഈ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ആ അപാകത പരിഹരിക്കാൻ എന്തു നടപടി എടുക്കും?

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട തൃശ്ശൂർ മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. കഴിഞ്ഞ വർഷം എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. ഇനത്തിൽ ഡി. ആർ. ഡി. എ. അപ്രൂവ് ചെയ്ത ചില വർക്കുകൾ കട്ടുചെയ്യേണ്ടി വന്നിട്ടുണ്ട്. അതിനുകാരണം സെൻട്രൽ ഗവൺമെന്റിന്റെ പ്രത്യേകമായ നിർദ്ദേശം 50 ശതമാനം വെയിറേജ് മാത്രമേ റോഡുപണികൾക്ക് കൊടുക്കാവൂ എന്നുള്ളതുകൊണ്ടാണ്. ആറാം പദ്ധതിയിൽതന്നെ ഇന്ത്യ മുഴുവനായി എടുത്തു നോക്കിയാൽ 75 ശതമാനവും റോഡുപണികൾക്ക് മാത്രമാണ് കൊടുത്തിരുന്നത്. അപ്പോൾ ദുർബ്ബല ജനവിഭാഗങ്ങൾക്ക് എക്സ്ക്ലൂസീവ് ആയി ബെനിഫിറ് നൽകുന്ന കാര്യത്തിൽ 25 ശതമാനം മാത്രമേ ചെലവഴിച്ചിരുന്നുള്ളു. അതുകൊണ്ട് പോവർട്ടി എലിവേഷൻ എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയാണ് സെൻട്രൽ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ളത് എന്നതു കൊണ്ട് അവർ ആ രീതിയിൽ വിഭാവനം ചെയ്യുകയും 50 ശതമാനം വെയിറേജ് റോഡുകൾക്കും 50 ശതമാനം വെയിറേജ് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള എക്സ്ക്ലൂസീവ് ബെനിഫിറ്റിനും വേണ്ടി ചെലവഴിക്കണമെന്ന് പറഞ്ഞതുകൊണ്ട് ഡി. ആർ. ഡി. എ. പ്രൊപ്പോസ് ചെയ്ത വർക്കുകൾ ഡൽഹിയിൽ അപ്രൂവലിനുവേണ്ടി പോയപ്പോൾ അവർ 50 ശതമാനമാക്കി കുറച്ചതുകൊണ്ട് ചില റോഡുകൾ മാറേണ്ടിവന്നിട്ടുണ്ട്. അതിനകത്ത് യാതൊരു രാഷ്ട്രീയ പരിഗണനകളും മറ്റുള്ള പരിഗണനകളും ഉണ്ടായിട്ടില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: എ. ഐ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. സ്കീമുകളിലും അതുപോലെതന്നെ മറ്റു പരിപാടികൾക്കുമെല്ലാം ഡി. ആർ. ഡി. എ. യിൽ സംഖ്യ വകകൊള്ളിക്കുന്നത് അവിടത്തെ കർഷകത്തൊഴിലാളികളുടേയും ഹരിജനങ്ങളുടേയും മറ്റു ദുർബ്ബല വിഭാഗങ്ങളുടേയും മാർജിനൽ ഫാർമേഴ്സിനേറയും കണക്കെടുത്തിട്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ ഞങ്ങളുടെ അനുഭവത്തിൽ കഴിഞ്ഞവർഷവും ഈ വർഷവുമൊക്കെ എറണാകുളം ജില്ലയിൽ ഡി. ആർ. ഡി. എ.ക്ക് ഫണ്ട് അനുവദിച്ചു വന്നത് അവിടത്തെ ഡി. ആർ. ഡി. എ. യുടെ അഭിപ്രായപ്രകാരമോ, ഉദ്യോഗസ്ഥൻമാരുടെ അഭിപ്രായപ്രകാരമോ അല്ലായെന്നും മറിച്ച് അവിടെ അനുവദിച്ച സംഖ്യയെപ്പറ്റി ചോദ്യമുണ്ടായപ്പോൾ അത്. ഇവിടത്തെ ഗവൺമെൻറുതന്നെ ഓരോ നിയോജക മണ്ഡലങ്ങളിലേക്കും ഓരോ ബ്ലോക്കിലേക്കും ഇത്രയിത്ര തുകയെന്ന് ഫിക്സ് ചെയ്ത് അയക്കുകയാണെന്നും അതനുസരിച്ചുള്ള സ്കീംസ് ഉണ്ടാക്കാൻ മാത്രമേ ഡി. ആർ. ഡി. എ. ക്ക് അവകാശമുള്ളു എന്നുമാണ് മനസ്സിലാക്കാൻ സാധിച്ചത്. അത് മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? മന്ത്രി പറഞ്ഞതിൻെറ അടിസ്ഥാനത്തിലാണെങ്കിൽ ഇത്തരം പരിഗണനകളൊന്നുമില്ലാതെ സ്വാധീനമുപയോഗിച്ച് കൂടുതൽ വർക്ക് ഇവിടെനിന്നുതന്നെ അലോട്ട് ചെയ്യുന്ന ഏർപ്പാട് മേലാലെങ്കിലും ഇല്ലാതാക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. ഇതിന് ചില വ്യക്തമായ ഗൈഡ്ലൈൻസ് സെൻട്രൽ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ട്. ആർക്കും അതു വെട്ടിക്കുറക്കാനോ കൂട്ടാനോ കഴിയുകയില്ല. കേന്ദ്ര ഗവൺമെൻറാണ് ഓരോ ബ്ലോക്കുകൾക്കും പണം അനുവദിക്കേണ്ട നിർദ്ദേശം അയച്ചുതന്നിട്ടുള്ളത്. പിന്നെ വേറൊരു പ്രധാനപ്പെട്ട കാര്യം 1981-ലെ സെൻസസിൻെറ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഈ തുക അനുവദിക്കുന്നത്. ആ സെൻസസിനുശേഷം തീർച്ചയായിട്ടും ഈ രാജ്യത്തെ കർഷകത്തൊഴിലാളികളുടേയും ഹരിജനങ്ങളുടേയും മറ്റു പിന്നോക്ക ജനവിഭാഗങ്ങളുടേയും എണ്ണം വർദ്ധിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുള്ള സാമ്പത്തിക സഹായം

*84 [86] ശ്രീ. കെ. പങ്കജാക്ഷൻ: താഴെകാണുന്ന ചോദ്യത്തിന് ഗ്രാമ വികസന വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

എൻ. ആർ. ഇ. പി. തുടങ്ങിയ പദ്ധതികളിലൂടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സഹായം, അവരിലൊരു നല്ല വിഭാഗത്തിന്, മതപരിഗണനകളുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്നില്ല എന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly